നം.സി1/13769/2018 26

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ:0471- 2445749, 2445799
ഇ-മെയിൽ dddtvm@gmail.com
തീയതി, 01-12-2018

**സർക്കുലർ നം. 48/2018**

വിഷയം:-ക്ഷീരവികസനവകുപ്പ്- പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ സെക്ഷൻ 80 നടപ്പാക്കുന്നതിന് ജീവനക്കാരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് – സംബന്ധിച്ച്.

സൂചന:-

1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 26/06/2010,05/01/2012 തീയതികളിലെ സി1/2480/2009 നം.കത്തുകൾ.
2. 14/03/2012 ലെ സ.ഉ.(സാധാ) നം.592/2012/കൃഷി നം. ഉത്തരവ്.
3. ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ 25/05/2012 ലെ സി1/2480/09 നം. സർക്കുലർ
4. 26/03/2012 ലെ സ.ഉ.(സാധാ) 714/12/കൃഷി നം.ഉത്തരവ്.
5. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) ജനറൽ സെക്രട്ടറിയുടെ 24/07/2018 ലെ പരാതി.

സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് സെക്ഷൻ 80 പ്രകാരമുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിന് 2/11/2010 ലെ GO(P)No.172/2010 പ്രകാരം ഉത്തരവായിരുന്നു.എന്നാൽ സെക്ഷൻ 80 യുടെ സുഗമമായ നടത്തിപ്പിനായി ഏകീകൃത സേവന വേതന വ്യവസ്ഥകളും, സ്റ്റാഫ് പാറ്റേണുകളും നടപ്പിലാക്കുന്നതിനുള്ള കാലാവധി 15/12/2008 ൽ നിന്നും 31/12/2010 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സൂചന (4) പ്രകാരം സെക്ഷൻ 80 യുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളിൽ 01/04/2004 മുതൽ 15/12/2008 വരെ ക്രമപ്രകാരമല്ലാതെ നടത്തിയിട്ടുള്ള ഓരോ നിയമനവും പരിശോധിച്ച് അംഗീകാരം നൽകാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെട്ടുത്തികൊണ്ടും, വ്യാപാര ലാഭത്തിന്റെ 65% ൽ കൂടുതൽ വാർഷിക എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വരുന്ന പക്ഷം ക്ഷീരസഹകരണ സംഘങ്ങൾക്ക് ടി സംഘങ്ങളുടെ നിലനിൽപ്പിന് കോട്ടം തട്ടാത്ത വിധത്തിൽ ന്യായമായതും ആവശ്യമായതുമായ ജീവനക്കാരുടെ സേവനം പരിശോധിച്ച് സെക്ഷൻ 80 ൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാക്കികൊണ്ടും ഉത്തരവായിട്ടുള്ളതാണ്.

കെ.ജി. 01.12

01/04/2004 മുതൽ 15/12/2008 വരെ ക്രമപ്രകാരമല്ലാതെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ നടത്തിയിട്ടുള്ള ഓരോ നിയമനവും പരിശോധിച്ച് അംഗീകാരം നൽകുവാനും, ഏകീകൃത സേവന വേതനവ്യവസ്ഥകളും,സ്റ്റാഫ് പാറ്റേണുകളും നടപ്പിലാക്കുവാനും ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരെ സൂചന (3) സർക്കുലർ പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി കാലയളവിലെ ക്രമപ്രകാരമല്ലാത്ത നിയമനങ്ങൾ നിയമവിധേയമാക്കുന്നതിനും ഏകീകൃത സേവനവേതന വ്യവസ്ഥകളും, സ്റ്റാഫ് പാറ്റേണുകളും നടപ്പിലാക്കുന്നതിനും 31/12/2012 വരെ കാലാവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എങ്കിലും ക്രമപ്രകാരമല്ലാതെ നടത്തിയിട്ടുള്ള ഓരോ നിയമനവും പരിശോധിച്ച് അംഗീകാരം നൽകുവാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും തുടർന്ന് ഡയറക്ടർ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതിൽ ടി അംഗീകാരം നൽകുന്നത് സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടർമാരിൽ കാലാവധി സംബന്ധിച്ച് സംശയം ഉളവാക്കിയിട്ടുള്ളതായും ടി കാരണങ്ങളാൽ അനുമതി നിഷേധിക്കുന്നതായും സൂചന (5) പ്രകാരം അറിയിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ മേൽ വിഷയത്തിൽ താഴെ പറയുന്ന പ്രകാരം സ്പഷ്ടീകരണം നൽകുന്നു. സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ 01/04/2004 മുതൽ 15/12/2008 വരെ ക്രമപ്രകാരമല്ലാതെ നടത്തിയിട്ടുള്ള ഓരോ നിയമനവും പരിശോധിച്ച് അംഗീകാരം നൽകാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയാണ് ഉത്തരവായിട്ടുള്ളത്. ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സെക്ഷൻ 80 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിയമനാംഗീകാരം നൽകുന്നതിന്, ലഭിക്കുന്ന അപേക്ഷകൾ മേൽ പരാമർശിച്ച കാലയളവിലെ നിയമനങ്ങളുടേതാണെങ്കിൽ ആയത് പരിഗണിക്കാവുന്നതാണ് എന്നും, 01/04/2004 മുതൽ 15/12/2008 വരെയുള്ള കാലയളവിലെ നിയമനങ്ങൾക്ക് മാത്രമാണ് സമയപരിധി ബാധകമെന്നും നിയമനാംഗീകാരം നൽകുന്നതിന് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടില്ലായെന്നും വ്യക്തമാക്കുന്നു.

രജിസ്ട്രാർ/ ഡയറക്ടർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

കെ.ജി. 01.12